# അറിവുള്ളിടത്ത് അധികാരവുമുണ്ട്

ബി.ആർ.പി. ഭാസ്കർ

**അധികാരം എങ്ങനെ വിനിയോഗിക്കപ്പെടുന്നു എന്ന അറിവ് അത് ശരിയായ രീതിയിൽ ഉപയോഗിക്കപ്പെടുന്നു എന്നുറപ്പു വരുത്താൻ ജനങ്ങളെ സഹായിക്കും. തെറ്റായ രീതിയിലാണ് അത് ഉപയോഗിക്കപ്പെടുന്നതെങ്കിൽ ഇടപെട്ട് തിരുത്താനും അവർക്കാകും. ആ നിലയ്ക്ക് ഈ നിയമത്തെ ജനങ്ങളിലേക്ക് അധികാരം എത്തിക്കുന്ന ഒന്നായി കാണാവുന്നതാണ്.**

അറിവ് ശക്തിയാണ്. അറിവുള്ളവർ ഇക്കാര്യം വളരെ മുമ്പെ തിരിച്ചറിഞ്ഞിരുന്നു. അവർ അറിവ് വ്യാപകമായി പ്രചരിക്കുന്നത് തടഞ്ഞു. അറിവ് നേടാനുള്ള അവകാശം കുത്തകയായി നിലനിൽത്തിക്കൊണ്ടാണ് ഒരു ചെറിയ ജനവിഭാഗം ഇന്ത്യാ ഉപഭൂഖണ്ഡമൊട്ടുക്ക് പല നൂറ്റാണ്ടുകാലം ആധിപത്യം പുലർത്തിയത്. പതിനാറാം നൂണ്ടാറ്റിന്റെ അന്ത്യത്തിൽ ഫിലിപ്പീൻ ദ്വീപുകളിലെത്തിയ സ്പെയിൻകാർ അവിടത്തെ ഭൂരിഭാഗം ഗോത്രവർഗ്ഗങ്ങളേയും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തശേഷം പ്രാദേശികഭാഷകളിലുള്ള എല്ലാ രേഖകളും നശിപ്പിക്കാൻ വത്തിക്കാൻ നിർദ്ദേശം നൽകിയത്രെ. ഗോത്രവർഗ്ഗങ്ങൾ അവരുടെ പ്രാകൃത മതങ്ങളിലേക്ക് തിരിച്ചുപോകുന്നത് തടയാനായിരുന്നു ആ നടപടിയെന്ന് ചരിത്രകാരന്മാർ കരുതുന്നു. പുരോഹിതവർഗ്ഗം കയ്യടക്കിവെച്ചിരുന്ന മതഗ്രന്ഥങ്ങൾ എല്ലാവരിലുമെത്തിച്ച അച്ചടി സമ്പ്രദായം ലോകമൊട്ടുക്ക് വമ്പിച്ച മാറ്റങ്ങൾക്ക് വഴിതെളിച്ചു. ആ മാറ്റങ്ങൾ തുടങ്ങിയ കാലത്ത് ഫ്യൂഡൽ വ്യവസ്ഥയ്ക്കടിമപ്പെട്ടിരുന്ന നമ്മുടെ രാജ്യം പിന്നീട് വിദേശ ക്കോയ്മയ്ക്ക് അധീനമായി. കേളോണിയൽ ഭരണകൂടം ജനങ്ങളെ ശത്രുക്കളായാണ് കണ്ടത്. അത് പല വസ്തുതകളും ഔദ്യോഗിക രഹസ്യം എന്ന് ലേബൽ ചെയ്ത് ജനങ്ങളിൽ നിന്ന് മറച്ചുവെച്ചു. അത്തരം വിവരം ആരെങ്കിലും കണ്ടെടുത്ത് പുറത്ത് വിടുന്നത് തടയാൻ ഒഫിഷ്യൽ സീക്രറ്റ്സ് ആക്ട് എന്ന പേരിൽ നിയമവുമുണ്ടാക്കി. ഇന്നും മന്ത്രിമാർ അധികാരമേൽക്കുന്നത് രഹസ്യങ്ങളൊന്നും പുറത്തുവിടില്ലെന്ന് പ്രതിജ്ഞയെടുത്തുകൊണ്ടാണ്. ഈ പാരമ്പര്യം ഉപേക്ഷിച്ച് കൈവശമുള്ള വിവരങ്ങൾ ജനങ്ങളുമായി പങ്കുവെയ്ക്കുന്ന ആധുനിക സങ്കൽപ്പം സ്വീകരിക്കാൻ സർക്കാർ തയ്യാറായതിന്റെ ഫലമായാണ് വിവരാവകാശനിയമം നിലവിൽവന്നത്. ദേശീയ സുരക്ഷ, വിദേശരാജ്യങ്ങളുമായുള്ള ബന്ധം, നീതിനിർവ്വഹണം തുടങ്ങിയ പരിഗണനകൾ മുൻനിർത്തി രഹസ്യമായി സൂക്ഷിക്കേണ്ടവയൊഴികെ സർക്കാരിന്റെ പക്കലുള്ള ഏത് വിവരവും ഒരു പൗരൻ ആവശ്യപ്പെട്ടാൽ നിശ്ചിത കാലയളവിൽ നൽകണമെന്ന് നിയമം അനുശാസിക്കുന്നു. സർക്കാർ എന്ത് ചെയ്യുന്നു, എങ്ങനെ ചെയ്യുന്നു എന്നൊക്കെ കൃത്യമായി മനസ്സിലാക്കാൻ ഈ നിയമം നമുക്ക് അവസരം നൽകുന്നു. അധികാരം എങ്ങനെ വിനിയോഗിക്കപ്പെടുന്നു എന്ന അറിവ് അത് ശരിയായ രീതിയിൽ ഉപയോഗിക്കപ്പെടുന്നു എന്നുറപ്പു വരുത്താൻ ജനങ്ങളെ സഹായിക്കും. തെറ്റായ രീതിയിലാണ് അത് ഉപയോഗിക്കപ്പെടുന്നതെങ്കിൽ ഇടപെട്ട് തിരുത്താനും അവർക്കാകും. ആ നിലയ്ക്ക് ഈ നിയമത്തെ ജനങ്ങളിലേക്ക് അധികാരം എത്തിക്കുന്ന ഒന്നായി കാണാവുന്നതാണ്.

ഏതൊരു നിയമത്തിന്റെയും വിജയം അടിസ്ഥാനപരമായി രണ്ട് ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒന്നാമതായി, ജനങ്ങൾക്ക് അത് പ്രയോജനപ്പെടുത്താനുള്ള ആർജ്ജവം ഉണ്ടാകണം. നിയമം നൽകുന്ന ആനുകൂല്യങ്ങളും അധികാരങ്ങളും പ്രയോജനപ്പെടുത്താൻ താൽപ്പര്യമില്ലെങ്കിൽ അവർക്ക് അതിന്റെ ഗുണം കിട്ടില്ല. രണ്ടാമതായി, നിയമം സത്യസന്ധമായി നടപ്പിലാക്കാനുള്ള സന്മനസ്സും സന്നദ്ധതയും അധികൃതർക്കുണ്ടാകണം. ശരിയായ വിധത്തിൽ നടപ്പിലാക്കപ്പെടാത്ത നിയമം എങ്ങനെയാണ് ഗുണം ചെയ്യുക? ഈ രണ്ട് ഘടകങ്ങളുടെ കാര്യത്തിലും കേരള സാഹചര്യങ്ങൾ സംശയങ്ങൾ ജനിപ്പിക്കുന്നുണ്ട്.

ഒന്നര നൂറ്റാണ്ടുകാലം സാമൂഹിക സാമ്പത്തിക രാഷ്ട്രീയ അവകാശങ്ങൾക്കുവേണ്ടി നിരവധി പോരാട്ടങ്ങൾ കേരളത്തിൽ നടക്കുകയുണ്ടായി. അതിന്റെ ഫലമായി ജനങ്ങളിൽ ഉയർന്ന അവകാശബോധം നലനിൽക്കുന്നുണ്ട്. അവകാശങ്ങൾ നിഷേധിക്കപ്പെട്ടതിന്റെ ഫലമായി ദുരിതം അനുഭവിക്കുന്നവർ സംഘടിച്ച് ശക്തമായ മുദ്രാവാക്യങ്ങളുയർത്തി സമരം നടത്തി പരിഹാരം കണ്ടെത്തുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. ശരിയായ വിവരങ്ങൾ ശേഖരിച്ച് അവയുടെ അടിസ്ഥാനത്തിൽ ശക്തമായ വാദങ്ങൾ ഉന്നയിച്ച് അധികൃതരെക്കൊണ്ട് നീതിപൂർവ

കമായ തീരുമാനം എടുപ്പിക്കുന്ന രീതി നമുക്ക് ഏറെക്കുറെ അപരിചിതമാണ്. അതുകൊണ്ട് വിവരാവകാശനിയമം ഉപയോഗിച്ച് വിവരം തേടാൻ മുന്നോട്ടു വരുന്നവരുടെ എണ്ണം ചെറുതാണ്.. അതേ സമയം വിദ്യാഭ്യാസപരമായി നമ്മേക്കാൾ പിന്നിൽ നിൽക്കുന്ന രാജസ്ഥാനിൽ ഗ്രാമീണർ ഈ നിയമം ഉപയോഗിച്ച് വിവരം ശേഖരിക്കുകയും അത് ഗുണകരമായ വിധത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. നിയമം എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ചില സന്നദ്ധസംഘടനകൾ ഗ്രാമീണരെ പഠിപ്പിക്കുകയായിരുന്നു.

വിവരാവകാശ നിയമം സുതാര്യത ആവശ്യപ്പെടുന്നു. ഇത് രഹസ്യങ്ങൾ സൂക്ഷിക്കുന്ന പാരമ്പര്യമുള്ള ഉദ്യോഗസ്ഥന്മാർക്ക് എളുപ്പത്തിൽ ഉൾക്കൊള്ളാവുന്ന ആശയമല്ല.

ഉദ്യോഗസ്ഥന്മാർ വിവരം കൊടുക്കാതിരിക്കുകയോ വൈകിപ്പിക്കുകയോ ചെയ്തതായി ചില അപേക്ഷകർ പരാതിപ്പെട്ടിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാർ ശിക്ഷിക്കപ്പെട്ടിട്ടുമുണ്ട്. ഈ നിയമം ഉപയോഗിച്ച് അടിയന്തിരാവസ്ഥക്കാലത്ത് പോലീസ് കസ്റ്റഡിയിൽ മരിച്ച ഇൻഞ്ചിനീയറിംഗ് വിദ്യാർത്ഥി രാജന്റെ ജഡത്തിന് എന്തുസംഭവിച്ചുവെന്നറിയാൻ ഒരു ദിനപ്പത്രം നടത്തിയ ശ്രമം ഫലം കണ്ടില്ല. കേരളത്തിന് നിയമത്തിന്റെ ഗുണം പൂർണ്ണമായി ലഭിക്കുന്നതിന് പൊതുസമൂഹത്തിന്റെ ശൈലിയും ഉദ്യോഗസ്ഥന്മാരുടെ മനോഭാവത്തിലും ഗുണപരമായ മാറ്റം ആവശ്യമാണ്.